പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2013 19.06.2012 -ലെ മറുപടി

കൽപ്പറ്റ ഗവൺമെന്റ് കോളേജ് ജംഗ്ഷനിൽ ബസ് സ്റ്റോപ്പ്

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദീർഘദൂര, ടൗൺ ടു ടൗൺ കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് കൽപ്പറ്റ ഗവൺമെന്റ് കോളേജ് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കോളേജ് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) യും (സി) യും | അൻപതിലധികം ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസുകൾ കോഴിക്കോട്ടേക്കും അമ്പത്തിയാറോളം ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ ബത്തേരി, മാനന്തവാടി ഭാഗത്തേക്കും കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. ഇവക്കെല്ലാം കൽപ്പറ്റ ഗവൺമെന്റ് കോളേജ് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. പുറമെ കൽപ്പറ്റ കോളേജിലെ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം കണക്കിലെടുത്ത് കൽപ്പറ്റയിൽ നിന്നും കോളേജിലേയ്ക്ക് രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി. നാലു ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. ടൗൺ ടു ടൗൺ, ദീർഘദൂര സർവ്വീസുകൾക്ക് അടുത്തടുത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് ആ സർവീസുകൾ ഉപയോഗിക്കുന്ന യാത്രക്കാരെ അതിൽ നിന്ന് അകറ്റുവാനും സർവ്വീസുകളുടെ സമയ ക്രമീകരണം താളം തെറ്റുവാനും മാത്രമേ ഉപകരിക്കുകയുള്ളൂ എന്നാണ് അനുഭവത്തിൽ ബോദ്ധ്യമായിട്ടുള്ളത്. ആയതിനാൽ കൽപ്പറ്റ കോളേജ് ജംഗ്ഷനിൽ ദീർഘദൂര ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |
| (സി) | പ്രസ്തുത ജംഗ്ഷനിൽ ദീർഘദൂര ടൗൺ ടു ടൗൺ ബസ്സുകൾക്കും റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ